"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.സുഭാഷ്.പി.ബി ഫയൽ ചെയ്ത റിട്ട് ഹർജി നം. 22025/2024-യിലെ 20.06.2024ലെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3575/2025/GEDN തീയതി,തിരുവനന്തപുരം, 30-05-2025

പരാമർശം:-

1. റിട്ട് ഹർജി നം. 22025/2024-യിലെ 20.06.2024ലെ വിധിന്യായം
2. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.08.2024ലെ DEOPKD/3033/2023-B5 നം. കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.08.2024ലെ EM 1/16863/2024/ഡി.ജി.ഇ നം. കത്ത്.

**ഉത്തരവ്**

പാലക്കാട്, കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.സുഭാഷ്.പി.ബി ഫയൽ ചെയ്ത റിട്ട് ഹർജി നം. 22025/2024ലെ 20.06.2024ലെ വിധിന്യായത്തിൽ , ഹർജിക്കാരനെയും 5-ാം എതിർ കക്ഷിയെയും നേരിൽ കേട്ടതിനുശേഷം എക്സിബിറ്റ് പി - 8 റിവിഷൻ ഹർജി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവാൻ 1-ാം എതിർക്കക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം 30.08.2024 ന് നേരിൽ കേട്ടു. ഹർജിക്കാരൻ, വിദ്യാഭ്യാസ ഉദ്യോഗസ്ഥർ എന്നിവരുടെ വാദങ്ങൾ ചുവടെച്ചേർക്കുന്നു.

ഹർജിക്കാരൻ/മാനേജർ

3. ശ്രീ.സുഭാഷ്.പി.ബിയെ 02-03-2022 മുതൽ മാനേജർ ഓഫീസ് അറ്റൻഡന്റായി നിയമിച്ചു. ശ്രീ.രാകേഷ്.എം.ആർ.നെ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയതു വഴി ലഭ്യമായ ഒഴിവിലാണ് നിയമനം. ഹർജിക്കാരന്റെ നിയമനം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിരസിക്കുവാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

i) ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.രാഗേഷ്.എം.ആർന്റെ ക്ലാർക്ക് തസ്തികയിലെ സ്ഥാനകയറ്റം അംഗീകരിച്ചിട്ടില്ല.

ii) സ്ഥാനകയറ്റ നിയമനം ആയതിനാൽ സീനിയോരിറ്റി ലിസ്റ്റ്, നിലവിൽ ജോലി ചെയ്തുവരുന്ന തസ്തികയുടെ നിയമന ഉത്തരവ്, സേവന പുസ്തകത്തിന്റെ പേജുകൾ എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതായി കാണുന്നു. ആയതും ഉള്ളടക്കം ചെയ്തിട്ടില്ല.

iii) ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനമായതിനാൽ ഡിഗ്രി യോഗ്യത ഇല്ല എന്ന് മാനേജർ മേലൊപ്പ് വെച്ച് സത്യപ്രസ്താവന ഉൾപ്പെടുത്തേണ്ടതായി കാണുന്നു. ആയത് ഉള്ളടക്കം ചെയ്തിട്ടില്ല.

iv) 02-03-2022 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച് നിയമിതനായ സീനിയർ നിയമനാർത്ഥിയായ ശ്രീ.രഘു.കെ.പി.(എഫ്.ടി.എം) യുടെ നിയമനം നിരസിച്ചു നൽകിയിട്ടുണ്ട്.

4. പ്രസ്തുത ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും ടി കാരണങ്ങളാൽ നിരസിക്കപ്പെട്ടു. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചു ആയത് നിരസിക്കപ്പെട്ടു. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിരസന ഉത്തരവിനെതിരെ വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 92 പ്രകാരം സർക്കാരിലേക്ക് റിവിഷൻ ഹർജി സമർപ്പിച്ചു

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ കണ്ടെത്തിയ അപാകതകൾക്ക് താഴെ പറയുന്ന വിശദീകരണം മാനേജർ സമർപ്പിച്ചിട്ടുണ്ട്.

i) ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.രാഗേഷ്.എം.ആറിനെ ക്ലാർക്ക് തസ്തികയിലേക്ക് നിയമിച്ചത് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീ.രാഗേഷ്. എം.ആർ.ന്റെ നിയമനം 02-03-2022 മുതൽ അംഗീകരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്. ആകയാൽ ഒന്നാം നമ്പർ തടസ്സവാദം നിലനിൽക്കുന്നതല്ല.

ii) സർവീസ് ബുക്കിന്റെ റെലവന്റ് പേജ് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

iii). മൂന്നാമത്തെ തടസ്സവാദം പരിഹരിച്ചിട്ടുണ്ട് മേലൊപ്പ് വെച്ച് സത്യപ്രസ്താവന ഹാജരാക്കിയിട്ടുണ്ട്.

iv). നാലാമത്തെ തടസ്സവാദം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

6 . പാലക്കാട്, കോങ്ങാട്, കെ.പി.ആർ.പി.ഹൈസ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.രഘു.കെ.പി ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നം. 17931/2020 ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ സ്റ്റേ ലഭിച്ചതിനാൽ തസ്തികയിൽ ആനുകൂല്യങ്ങളോടുകൂടി തുടർന്ന് വരുന്നു. ബഹു.കേരള ഹൈക്കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. ശ്രീ.രഘു.കെ.പിയെ നിലനിർത്തുന്നതിനാവശ്യമായ തസ്തിക അതായത് എഫ്.ടി.എം/ഒ.എയോ സ്കൂളിൽ ലഭ്യമാകയാൽ കോടതി വിധിയ്ക്ക് വിധേയമായി രണ്ടാം നമ്പർ റിവിഷൻ ഹർജിക്കാരൻ സുഭാഷിന്റെ നിയമനം നിയമനത്തീയതി മുതൽ അംഗീകരിക്കുന്നതിന് നിയമ തടസ്സങ്ങളില്ല. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീ.സുഭാഷ്.പി.ബിയുടെ നിയമനം നിയമന തിയതിയായ 02-03-2022 മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ</u>

7. പാലക്കാട്, കോങ്ങാട് കെ.പി.ആർ.പി ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.രാഗേഷ്.എം.ആറിനു 02/03/2022 മുതൽ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനാൽ വന്ന ഒഴിവിൽ ആണ് ടി സ്കൂളിലെ എഫ്.ടി.എം ഉം 5 1 എ അവകാശിയുമായ

ശ്രീ.സുഭാഷ്.പി.ബിയെ മാനേജർ നിയമിച്ചത്. പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം ശ്രീ.രാഗേഷ്.എം.ആർന്റെ 02/03/2022 മുതലുള്ള ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റനിയമനം അംഗീകരിച്ചുത്തരവായിട്ടുണ്ട്. എന്നാൽ, സീനിയർ നിയമനാർഥിയായ ശ്രീ.രഘു.കെ.പിയുടെ നിയമനം നിരസിച്ചതിനാൽ ശ്രീ.സുഭാഷ്.പി.ബിയുടെ നിയമനം അംഗീകരിക്കാൻ സാധ്യമല്ല എന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിയമനപ്രൊപ്പോസൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറും 24/06/2023 ലെ ഉത്തരവ് നം.ഇ.എം1/238554/2022 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.രാഗേഷ്.എം.ആർന്റെ ക്ളാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം 02.03.2022ന് അംഗീകരിച്ചിട്ടുണ്ട്. 02.03.2022 മുതൽ ഓഫീസ്സ് അറ്റൻഡന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് നിയമിതനായ സീനിയർ നിയമനാർത്ഥിയായ ശ്രീ.രഘു.കെ.പിയെ നിയമിച്ചത് ഓഫീസ് അറ്റൻഡന്റായ ശ്രീ.ബാലഗംഗാധരൻ.കെ.എൻനു 03.07.2017 മുതൽ ക്ളാർക്കായി സ്ഥാനക്കയറ്റം നല്കിയ ഒഴിവിലേക്കാണ്. എന്നാൽ, ശ്രീ.സുഭാഷ്.പി.ബിയെ നിലനിർത്തുന്നതിനുള്ള വ്യവസ്ഥാപിതമായ ഒഴിവുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. സർക്കാർ ഇക്കാര്യം നിലവിലെ സർക്കാർ ഉത്തരവുകളുടെയും വിദ്യാഭ്യാസചട്ടങ്ങളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

9. ശ്രീ.സുഭാഷ്.പി.ബിയുടെ സീനിയർ നിയമനാർഥിയായ ശ്രീ.രഘു.കെ.പിയുടെ എഫ്.ടി.എം തസ്തികയിലെ നിയമനം, ഡിഗ്രി അധിക യോഗ്യത ഉള്ളതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്തു ഉത്തരവാകുകയും, ആയതിനെതിരെ ശ്രീ.രഘു.കെ.പി ബഹു: ഹൈകോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയുടെ ഇടക്കാല ഉത്തരവിൻറെ അടിസ്ഥാനത്തിൽ ശ്രീ.രഘു എഫ്.ടി.എം തസ്തികയിലെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപ്പറ്റി വരുകയും ചെയ്യുന്നുണ്ട്. 01.07.2011 ലെ സ.ഉ(എം.എസ്) നം.21/2011/ഉഭപവ പ്രകാരം ശ്രീ.രഘുവിൻറെ നിയമനം ക്രമവിരുദ്ധമായതിനെ തുടർന്ന് പ്രധാനാധ്യാപകനോട് ടിയാന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഒരറിയിപ്പുണ്ടാകുന്നവരെ നല്കരുതെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് അറിയിച്ചിരുന്നു. മേൽ നടപടിക്കെതിരായി ശ്രീ.കെ.പി.രഘു ബഹു : ഹൈക്കോടതിയിൽ റിട്ട് ഹർജി നം .17931/ 2020 ഫയൽ ചെയ്യുകയും ആയതിൻറെ അടിസ്ഥാനത്തിൽ ബഹു : ഹൈക്കോടതി ടിയാന്റെ തടഞ്ഞുവെച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് അറിയിപ്പ് നൽകികൊണ്ട് വിധിന്യായം പുറപ്പെടുവിച്ചു .

10. 01/ 06/ 2018 മുതലുള്ള ശ്രീ.രഘുവിന്റെ നിയമനം ഡി.ജി.ഇ/ 11434 /2020 -ഇ.എം 1 പ്രകാരം റദ്ദ് ചെയ്തുത്തരവാകുകയും ശമ്പളയിനത്തിൽ ടിയാൻ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു . എന്നാൽ, റിട്ട് ഹർജിയിലെ ഇടക്കാല വിധിന്യായം പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്യുകയും അന്തിമ വിധിന്യായം വരുന്നതുവരെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും ഉത്തരവായിരുന്നു. ബഹു.ഹൈക്കോടതിയുടെ വിധിന്യായ പ്രകാരമുള്ള സ്റ്റേ ഇപ്പോഴും തുടർന്ന് കൊണ്ടേയിരിക്കുന്നു. ടിയാൻ ഇപ്പോഴും ശമ്പളവും മറ്റ ആനുകല്യങ്ങളും കൈപ്പറ്റി കൊണ്ടിരിക്കുന്നു. സീനിയർ നിയമനാർഥിയായ ശ്രീ.രഘു.കെ.പിയുടെ നിയമനം നിരസിച്ചതിനാൽ ശ്രീ.സുഭാഷ്.പി.ബിയുടെ നിയമനം അംഗീകരിക്കാൻ സാധ്യമല്ല എന്ന് ജില്ലാവിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. കോങ്ങാട്, കെ.പി.ആർ.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.രാഗേഷ്.എം.ആറിന് 02/03/2022 മുതൽ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ടി സ്കൂളിലെ എഫ്.ടി.എം-ഉം, 51 എ അവകാശിയുമായ ശ്രീ.സുഭാഷ്.പി.ബിയെ മാനേജർ നിയമിച്ചത്. ശ്രീ.രാഗേഷ്.എം.ആറിന്റെ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം 02/03/2022 നു അംഗീകരിക്കപ്പെട്ടിട്ടുണ്ട് . 02/03/2022 മുതൽ ഓഫീസ് അറ്റൻഡന്റായിരുന്ന തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു നിയമിതനായ സീനിയർ നിയമനാർഥിയായ ശ്രീ.രഘു.കെ.പിയെ നിയമിച്ചത് ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.ബാലഗംഗാധരൻ.കെ.എൻന് 03/07/2017 മുതൽ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്കാണ്. എന്നാൽ, ശ്രീ.സുഭാഷ്.പി.ബിയെ നിലനിർത്തുന്നതിനുള്ള വ്യവസ്ഥാപിതമായ ഒഴിവുണ്ടെന്നു ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ

നിയമനാർത്ഥിയായ ശ്രീ.രഘു.കെ.പി യുടെ നിയമനാംഗീകാരം വൈകുന്നതാണ് ശ്രീ.സുഭാഷ്.പി.ബിയുടെ നിയമനം നിരസിക്കുവാനുള്ള കാരണം. ശ്രീ.രഘു.കെ.പിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ശ്രീ.സുഭാഷ്.പി.ബിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തെ ബാധിക്കാത്തതിനാൽ ശ്രീ.സുഭാഷ്.പി.ബിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നല്കുവാൻ പാലക്കാട് , ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി റിട്ട് ഹർജി നം. 22025/2024-യിലെ പരാമർശം(1) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

മാനേജർ, കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ, കോങ്ങാട്, പാലക്കാട് -678631.

ശ്രീ.സുഭാഷ്.പി.ബി, ഓഫീസ് അറ്റൻഡന്റ് ,കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ, കോങ്ങാട്, പാലക്കാട് - 678631.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്/ എ&ഇ), തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 30-05-2025 17:14:15

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.